COCHIN LEGISLATIVE ASSEMBLY PROCEEDINGS

OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Wednesday, *the* *1st December 1948* / *16th Vrischigam 1124*

The Assembly met in the Assembly Hall, Ernakulam, at 3 p.m. with the Hon'ble President (M. R. Ry L. M. Pylee Avl., M.A., B.L.) in the Chair.

Mr. C. V. Iyyu was absent.

QUESTIONS AND ANSWERS

(*N. B.* The numbers in ordinary thin type represent the numbers in the order of receipt of notice).

WHOLE-SALERS IN TEXTILES—NAMES OF

21. (317) **Mr. K. W. Muralidhara Marar** *(Tripunithura)*: Will Government be pleased to state.—

The names of whole-salers in Textiles in our State?

Mr. E. Ikkanda Warriar *(Prime Minister)*:

The following are the whole-salers at present.—

Cloth

1. Mr. A. S. Bava, Ernakulam.
2. ,, K. K. Nataraja Ayyar, Ernakulam.
3. Messrs. Bombay Agency, Ernakulam.
4. Mr. K. A. Bava, Ernakulam
5. Messrs. Hajee Ebrahim Kassim Cochin Walla; Cochin.
6. Mr. C. P. Lonappan, Trichur.
7. ,, T. S. Kalyanarama Ayyar, Trichur.
8. ,, N. S. Vaidyanatha Ayyar, Trichur.
9. ,, The Cochin Cottage Industries Co-operative Marketing Society Ltd., Trichur

Yarn

The Cochin Cottage Industries Co-operative Marketing Society Ltd., Trichur.

BILLS—SALES-TAX—INFORMATION REGARDING

22. (48) മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവണ്മെണ്ട മെയവായി മറുപടി പറയുമൊ.—

(എ) വില്പനനികുതി ചുമത്തുന്ന സംഗതികളിൽ ബില്ല കൊടുക്കണമെന്ന നിർബ്ബന്ധനിയമമുണ്ടൊ;

(ബി) ഇല്ലാത്തപക്ഷം ഗവണ്മെണ്ടിൽനിന്നും കച്ചവടക്കാരോട് വില്പനനികുതി വസൂൽചെയ്യുന്നതു എങ്ങിനെയാണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല.

(ബി) കച്ചവടക്കാരുടെ കണക്കിനെ ആസ്പദമാക്കിയാണ്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: കണക്ക വയ്ക്കാത്ത കച്ചവടക്കാരിൽനിന്ന വില്പനനികുതി എങ്ങിനെ പിരിക്കും?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കച്ചവടക്കാർ കണക്കവെയ്ക്കണമെന്ന നിർബ്ബന്ധമുണ്ട്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: കച്ചവടക്കാർ കണക്ക വെച്ചില്ലെങ്കിൽ എന്തുചെയ്യും?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കണക്കവെച്ചില്ലെങ്കിൽ അവർക്കാണ ദോഷം.

മിസ്റ്റർ ഇട്ടൂപ്പ അബ്രഹാം: കണക്ക വെയ്ക്കാൻ നിർബ്ബന്ധിക്കാനുള്ള വല്ല നിയമവുമുണ്ടോ എന്നാണ് ചോദിക്കുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കണക്കുവെച്ചിട്ടില്ലെങ്കിൽ കണക്കുവെയ്ക്കാൻ പറയാനുള്ള അധികാരമുണ്ട്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: വില്പനനികുതി പിരിക്കുന്ന പലരും വാസ്തവത്തിൽ ലാഭമുണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: അറിവില്ല.

മിസ്റ്റർ വി. കെ. ജോസഫ്: കണക്കുവെയ്ക്കാത്ത കച്ചവടക്കാരെ വില്പനനികുതി ചുമത്തുന്നതു് ഏതു അടിസ്ഥാനത്തിലാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദായനികുതിയുടെ കാര്യത്തിലും സെയിൽസ് ടാക്സിന്റെ കാര്യത്തിലും കച്ചവടക്കാർ സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും കണക്കുവെയ്ക്കാതെ ഇരിക്കുകയില്ല. കണക്കു വെയ്ക്കാത്തവരുടെ അടുക്കൽനിന്നും ഫ്ളാറ്റ് റേറ്റിൽ ടാക്സ് ചുമത്താൻമാത്രമെ നിവൃത്തിയുള്ളൂ.

മിസ്റ്റർ കോടനാട്ടു നാരായണൻ നമ്പൂതിരിപ്പാട്: കണക്കു വെക്കാത്തവരുടെ പക്കൽ നിന്നും ഒരു നിശ്ചിത സംഖ്യ പിരിക്കുകയാണ് പതിവെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻകം ടാക്സിൽനിന്നും, സെയിൽസ് ടാക്സിൽനിന്നും ഒഴിവാകാൻവേണ്ടി കച്ചവടക്കാർ കണക്കു വെയ്ക്കുകയില്ലായെന്നുള്ളതു ശരിയല്ല. അവരുടെ സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും അവർ കണക്കു വെയ്ക്കാതിരിക്കുകയില്ല. ഇൻകം ടാക്സ് ഉദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ കഴിയുന്നിടത്തോളം ശ്രദ്ധിക്കുന്നുണ്ട്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഏകദേശം ഇതിൽ എത്ര ഇവേഷൻ കേസുകൾ ഉണ്ടായിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻകം ടാക്സിന്റെ കാര്യത്തിലും സെയിൽസ് ടാക്സിന്റെ കാര്യത്തിലും ഇവേഷൻ ഉണ്ടാകും എന്നുള്ളതു് ലോകപ്രസിദ്ധമാണ്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: പുകയിലയ്ക്കു വില്പനനികുതി ചുമത്തുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുകയില വില്പനനികുതിയിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ എ. കെ. കുഞ്ഞിമൊയ്തീൻ: കച്ചവടക്കാർ സാമാനം വാങ്ങുന്നവർക്കു ബില്ലുകൾ കൊടുക്കണമെന്നു നിബ്ബന്ധിക്കാൻ പാടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ നിർബ്ബന്ധിക്കുകയാണെങ്കിൽ ചെറുതരം കച്ചവടക്കാർക്കു വലിയ ബുദ്ധിമുട്ടായിരിക്കും. ഈ നികുതി ഈടാക്കേണ്ടതു കച്ചവടക്കാരുടെ ചുമതലയാണ്. അവർ അതു ബില്ലിൽ കാണിച്ചിട്ടുണ്ടാകും. കാണിച്ചാലും കാണിച്ചില്ലെങ്കിലും അവരുടെ മൊത്ത ആദായത്തിൽനിന്നു ഇതു കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്.

മിസ്സ് ആനി ജോസഫ്: കണക്കുവെച്ചുകൊള്ളണമെന്നു നിബ്ബന്ധിക്കാൻ സാധിക്കുകയില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും അവർ കണക്കു വെയ്ക്കാതിരിക്കുകയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഒരു സാധനത്തിന്റെ നിശ്ചിത വിലയ്ക്കു പുറമെ ബില്ലിൽ സെയിൽസ് ടാക്സ് വേറെ ചേർത്തു വാങ്ങിക്കുന്നതായി ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിയിൽമാത്രമല്ല മറ്റെവിടെയും അങ്ങിനെയാണ് ചെയ്യുന്നതു്.

AMOUNT COLLECTED FROM THE PARTIES—AUCTION SALE UNDER REVENUE RECOVERY ACT—PARTICULARS OF

23. (231) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) ലാൻഡ് റവന്യൂ റിക്കവറി ആക്ട് പ്രകാരം സർക്കാരിൽനിന്നും സർക്കാർപണം ഈടാക്കുവാൻ നടത്തുന്ന ലേല നടപടികൾക്കു കക്ഷികളിൽനിന്നു വസൂലാക്കുന്ന ചിലവു് എന്തു;

LIBRARY ARCHIVES Kerala Legislative Assembly